(ബി) പ്രവർത്തന സൗകര്യം കണക്കിലെടുത്ത് ഈ രണ്ട് സെക്ഷനുകളെയും വിഭജിച്ച് ഐക്കരപ്പടി, കൊളത്തൂർ എന്നീ രണ്ട് പുതിയ സെക്ഷനുകൾ കൂടി ആരംഭിക്കണം എന്ന ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഏകദേശം 40 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കൊണ്ടോട്ടി സെക്ഷന്റെ പരിധിയിൽ 24,400 ഉപഭോക്താക്കളും, ഏകദേശം 56 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പുളിക്കൽ സെക്ഷന്റെ പരിധിയിൽ 19114 ഉപഭോക്താക്കളുമാണ് ഇപ്പോഴുള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20000 ഉപഭോക്താക്കൾ/ 100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കി ലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കൊണ്ടോട്ടി, പുളിക്കൽ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഐക്കരപ്പടി, കൊളത്തൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലില്ല എന്നാൽ ടി മാനദണ്ഡങ്ങൾക്കനുസൃതമായി ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്ന തിനനുസരിച്ച് സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

44 (4035) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും, എത്ര രൂപയുടെ വികസന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ 18.345 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 35 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 42.093 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 7.005 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുകയും ചെയ്തു. ഇതിനായി 294.76 ലക്ഷം രൂപ ചെലവായിട്ടുണ്ട്. സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതിയിൽ 5 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 13 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 11 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 2.19 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുകയും 1.89 കി.മീ. സ്പീറ്റ് ലൈൻ വലിക്കുകയും ചെയ്തു. ഇതിനായി 98.25 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഈ മണ്ഡലത്തിൽ 11812 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തു. പ്രസരണ മേഖലയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 110 കെ.വി. കൊയിലാണ്ടി സബ് സ്റ്റേഷനിലെ 10 എം.വി.എ. ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകളിൽ ഒന്ന് മാറ്റി പകരം 20 എം.വി.എ. ശേഷിയുള്ള ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്നതിന് 1,12,30,000 രൂപ ചെലവ് കണക്കാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ട്രാൻസ്ഫോർമർ വാങ്ങിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ നിലവിലുള്ള കൊയിലാണ്ടി, വടകര 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഇരട്ടിപ്പിക്കുന്നതിനുള്ള ജോലികൾ 3,25,66,202 രൂപ അടങ്കൽ തുക കണക്കാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി & സി) ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഇതുവരെയായി 19.395 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 31 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 7.435 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുകയും 26.355 കി.മീ. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുകയും ചെയ്തു. ഇതിനായി ഇതുവരെ 291.73 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി. ബാക്കി 68.29 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഇതുവരെയായി 0.082 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 1 ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 10.386 കി.മീ. സിംഗിൾ ഫേസ് ലൈൻ വലിക്കുകയും 537 ബി.പി.എൽ. വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 46.96 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

കാഞ്ഞങ്ങാട് ഭൂമിക്കടിയിലൂടെ വൈദ്യുതി

45 (4036) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.പി.ഡി.ആർ.പി. ഫണ്ട് ഉപയോഗിച്ച് കാഞ്ഞങ്ങാട് നഗരത്തിൽ സ്ഥാപിച്ച ഭൂമിക്കടിയിലൂടെ വൈദ്യുതി പദ്ധതിയുടെ പ്രവൃത്തി എന്നാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;